*നമ്പർ.സി5/11/2016/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.01/08/2017
ഫോൺ - 0471-2580514.

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - സീനിയർ ക്ലാർക്കുമാരുടെ സേവന പുസ്തകം പരിശോധനയ്ക്കു വേണ്ടി ആവശ്യപ്പെടുന്നത് -

സൂചന : 2006-10 വർഷത്തെ സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റിപ്പട്ടിക

2006-10-ലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റിപ്പട്ടികയിൽ ഉൾപ്പെടുന്ന റാങ്ക് നമ്പർ 151 മുതൽ 200 വരെയുള്ള ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റം (ഹെഡ് ക്ലാർക്ക്/ ജൂനിയർ സൂപ്രണ്ട്) നൽകുന്നതിനു വേണ്ടി സർവ്വീസ് സംബന്ധമായ വിവരങ്ങൾ പരിശോധിക്കുന്നതിനായി ടി ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച് സർവ്വീസ് കാർഡ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസ്/ജില്ല സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ഈ സർക്കുലർ പ്രകാരം ടി ജീവനക്കാരുടെ സേവനപുസ്തകം സർവ്വീസ് കാർഡോഡുംകൂടി അതാത് ഓഫീസ് മേധാവികൾ/പ്രഥമാധ്യാപകർ മേലൊപ്പിട്ട് 11/08/2017-നു മുൻപ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

2006-10-ലെ സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും പിന്നീട് പേരു ചേർക്കപ്പെട്ടിട്ടുള്ളവരുമായ റാങ്ക് നമ്പർ 151 മുതൽ 200 വരെയുള്ള ഓരോ റവന്യൂ ജില്ലയിലുമുള്ള ജീവനക്കാരുടെ സേവന പുസ്തകങ്ങൾ മേലൊപ്പിട്ട സർവ്വീസ് കാർഡ് ഉൾപ്പടെ അതത് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ (ഡി.ഡി.ഇ.) ശേഖരിച്ച ശേഷം പ്രത്യേക ദൂതൻ മുഖേന 14/08/2017-നു മുൻപായി ഈ ഓഫീസിൽ സേവന പുസ്തകങ്ങൾ മേൽ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

യഥാസമയം സർവ്വീസ്കാർഡും സേവനപുസ്തകവും ഹാജരാക്കാത്ത ജീവനക്കാരെ ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതല്ല. സർവ്വീസ് കാർഡിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:

1. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം.
2. പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം
3. എല്ലാ സബ്-ഓഫീസുകൾക്കും

റാങ്ക് നമ്പർ

## സർവ്വീസ് കാർഡ് (സീനിയർ ക്ലാർക്ക്)

1. പേര്, ഓഫീസ്, ഫോൺ നമ്പർ :
2. ജനനതീയതി :
3. സർക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതി, ജില്ല :
4. എൽ.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച തീയതി :
5. എം.ഒ.പി. പാസ്സായ മാസം/വർഷം :
6. പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് നമ്പരും തീയതിയും :
7. വകുപ്പുതല പരീക്ഷകൾ പാസ്സായ മാസം/വർഷം :
8. യു.ഡി.ക്ലാർക്ക് ആയി സ്ഥാനക്കയറ്റം ലഭിച്ച ഉത്തരവ് നമ്പരും തീയതിയും :
9. യു.ഡി. ക്ലാർക്ക് റാങ്ക് നമ്പരും തീയതിയും :
10. ആകെ എത്രവർഷത്തെ സേവനം പൂർത്തിയാക്കി :
11. തസ്തികമാറ്റം സംബന്ധിച്ച വിവരങ്ങൾ :
12. ശിക്ഷാ/അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ :
13. മറ്റു വിവരങ്ങൾ (അന്തർജില്ലാ സ്ഥലംമാറ്റം, ശമ്പള രഹിത അവധി സംബന്ധിച്ച വിവരങ്ങൾ നിർബന്ധമായും നൽകേണ്ടതാണ്) :